**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു: മന്ത്രി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്തിന്മേലുള്ള തുടർനടപടി ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പാലക്കാട് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷന്റെ വിവിധ പ്രവർത്തിയ്ക്കുള്ള സൈറ്റ് പരിശോധിച്ചു. സിവിൽ സ്റ്റേഷന്റെ മുറ്റത്തെ ടൈലുകളുടെ കേടുപാടുകൾ നികത്തുന്നതിനും, കോൺക്രീറ്റ് ചെയ്യുന്നതിനുമായി 16,60,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ചു വരുന്നു.<br><br>പരാതിയിൽ സൂചിപ്പിച്ച ഡ്രെയിനേജ് സംവിധാനങ്ങൾ മുനിസിപ്പൽ പ്രദേശത്തു വരുന്നതു കൊണ്ട് ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലാണ് ഇത് നടപ്പിലാക്കേണ്ടത് ഓഫീസുകളിലെ ഫ്ലോർ ടൈലുകളുടെ അപാകതകൾ പരിഹരിക്കുന്നതിന് 52,30,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 25.06.2022ന് ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. സിവിൽ സ്റ്റേഷന്റെ പരിസരത്തും, നാലാം നിലയിലെ തുറസ്സായ സ്ഥലത്തും എക്സൈസ്‌വകുപ്പിന്റെ തൊണ്ടി മുതലുകൾ നിക്ഷേപിച്ചത് മാറ്റുന്നതിന് ടി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നാലാം നിലയിലെ ടെറസ്സിന്റെ മുകളിൽ വാട്ടർ പ്രൂഫിംഗ് നൽകുന്നതിന് 14,36,000/- രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ടി കെട്ടിടത്തിന്റെ ലിഫ്റ്റ് പ്രവർത്തിക്കുന്നതിന് ഫയർ എൻ.ഒ.സി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 62,80,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 25.06.2022 ൽ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ആയതു പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ